**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1275** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ഉന്നത വിദ്യാഭ്യാസ രംഗത്തെ നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പി. പ്രസാദ്

ശ്രീ. സി. അജയപ്രസാദ്

ശ്രീ. കെ. കെ. വത്സരാജ്

ശ്രീമതി ഗീതാ ഗോപി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റോജി എം. ജോൺ

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും അടിസ്ഥാനസൗകര്യം നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തിയ വികസന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

**<u>മറുപടി:</u>** 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗവും തുടർന്നുള്ള ബജറ്റ് പ്രഖ്യാപനങ്ങളും അടിസ്ഥാനമാക്കി, ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർവ്വകലാശാലകളുടെയും കോളേജുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി മുഖേന ഇതുവരെ ആകെ ₹2,010.28 കോടി രൂപയുടെ ധനാനുമതി ലഭ്യമായിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :-

- **കോളേജുകൾ:** 26 കോളേജുകളുടെ പ്രവൃത്തി പൂർത്തിയായി; 18 കോളേജുകളുടെ പ്രവൃത്തി പുരോഗമിക്കുന്നു; 10 കോളേജുകളുടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള വിവിധ ഘട്ടങ്ങളിലാണ്.
- **പോളിടെക്നിക് കോളേജുകൾ:** കിഫ്ബി അംഗീകരിച്ച 8 പദ്ധതികളിൽ 7 എണ്ണം പൂർത്തിയായി; 1 പദ്ധതിയുടെ പ്രവൃത്തി പുരോഗമിച്ചുവരുകയും ചെയ്യുന്നു.
- **പിണറായി എഡ്യൂക്കേഷൻ ഹബ്:** വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പദ്ധതിയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.
- **സർവ്വകലാശാല നവീകരണം:** 2 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. 7 പദ്ധതികൾ പുരോഗമിച്ചുവരുന്നു.
- **അന്താരാഷ്ട്ര നിലവാരത്തിലുള്ള ഹോസ്റ്റൽ സൗകര്യം:** 2 പദ്ധതികൾ പുരോഗമിക്കുന്നു; 3 പദ്ധതികൾ ആരംഭിക്കാനിരിക്കുന്നു.
- **സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ:** 5 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്.
- **സെന്റർ ഓഫ് എക്സലൻസ്:** 1 പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്.

**(ബി)** സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് മികവ് കൈവരിക്കുന്നതിനും സർവ്വകലാശാലകളുടെ അക്കാദമികവും ഭരണപരവുമായ ശാക്തീകരണത്തിനുമുള്ള പരിപാടികളെക്കുറിച്ച് വിശദമാക്കാമോ;

**മറുപടി:** സംസ്ഥാനത്തെ സർവ്വകലാശാലകളെ ദേശീയ-അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അക്കാദമിക, ഗവേഷണ, അടിസ്ഥാനസൗകര്യ വികസനം ശക്തിപ്പെടുത്തുന്നതിനുമായി സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു.

കിഫ്ബി പദ്ധതികൾ മുഖേന കണ്ണൂർ സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (കുസാറ്റ്) എന്നിവയുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി കിഫ്ബി മുഖാന്തിരം ഫണ്ട് അനുവദിച്ചിട്ടുണ്ട്.

അക്കാദമിക മികവ് ഉറപ്പാക്കുന്നതിനായി കേരള സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല എന്നിവിടങ്ങളിൽ നാല് വർഷ ബിരുദ/ഓണേഴ്സ് പ്രോഗ്രാമുകൾ നടപ്പിലാക്കിയിട്ടുണ്ട്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ വ്യവസായ-ഗവേഷണ അധിഷ്ഠിതമായ പുതുക്കിയ പാഠ്യപദ്ധതി, ദീർഘകാല ഇന്റേൺഷിപ്പുകൾ, സ്റ്റാർട്ടപ്പ്, സംരംഭകത്വം, IPR, MOOC, Challenge Exams, Credit by Examination തുടങ്ങിയ നൂതന സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

ഗവേഷണ-നവീകരണ മേഖലയിൽ കേരള സർവ്വകലാശാലയിൽ Translational Research and Innovation Centre (TRIC-KU), KUBIIC മുഖേന സ്റ്റാർട്ടപ്പ് പ്രോത്സാഹനം, കേന്ദ്രീകൃത ഇൻസ്ട്രുമെന്റേഷൻ സൗകര്യങ്ങൾ എന്നിവയും, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ Business Innovation and Incubation Centre, Artificial Intelligence & Robotics, Nanoscience & Nanotechnology ഉൾപ്പെടെയുള്ള പുതിയ പഠന-ഗവേഷണ വകുപ്പുകളും ആരംഭിച്ചിട്ടുണ്ട്. RUSA 2.0, PM-USHA തുടങ്ങിയ പദ്ധതികളിലൂടെ ഗവേഷണത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി അധിക ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്.

കാലിക്കറ്റ് സർവ്വകലാശാലയിൽ Outcome Based Education, ഡിജിറ്റൽ പരീക്ഷാ-ഭരണ സംവിധാനം, സ്മാർട്ട് ക്ലാസ് റൂമുകൾ, ഡിജിറ്റൽ ലൈബ്രറികൾ, ഫാക്കൽറ്റി ഡെവലപ്മെന്റ് പരിപാടികൾ, ഇന്റേൺഷിപ്പുകൾ, ദേശീയ-അന്തർദേശീയ ഗവേഷണ ഏജൻസികളുടെ ധനസഹായത്തോടെ ഗവേഷണ പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു.

**(സി)** ലോകത്തെ മികച്ച സർവ്വകലാശാലകളുമായും ഗവേഷണ സ്ഥാപനങ്ങളുമായും ബന്ധം സ്ഥാപിച്ച് സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിലവാരം മെച്ചപ്പെടുത്തുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

**മറുപടി:** അന്തർദേശീയവൽക്കരണത്തിനും ഗവേഷണ സഹകരണത്തിനും പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ടാണ് സർവ്വകലാശാലകളിൽ വിവിധ തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നത്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ നൂതന ആശയങ്ങളും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനായി 2024 ജൂൺ മുതൽ സ്റ്റാർട്ടപ്പ് സെല്ലും IPR സെല്ലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദേശ സർവ്വകലാശാലകളിലെ ഫെലോഷിപ്പുകൾ, വിദ്യാർത്ഥി കൈമാറ്റ പരിപാടികൾ (Student Exchange Programmes) എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ പുതിയ റെഗുലേഷനുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാലിക്കറ്റ് സർവ്വകലാശാല ഗവേഷണ-അക്കാദമിക സഹകരണം ശക്തിപ്പെടുത്തുന്നതിനായി ബ്രസീലിലെ സാവോ പോളോ യൂണിവേഴ്സിറ്റി, ഇറ്റലിയിലെ സലെർണോ സർവ്വകലാശാല, ജർമ്മനിയിലെ എർഫർട്ട് സർവ്വകലാശാല എന്നിവയുൾപ്പെടെയുള്ള വിദേശ സർവ്വകലാശാലകളുമായി ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ട്. ജർമ്മനിയിലെ എർഫർട്ട് സർവ്വകലാശാലയുമായി ജോയിന്റ് ഡിഗ്രി പ്രോഗ്രാം ആരംഭിക്കുകയും സ്വീഡനിലെ ലിങ്ഹോപ്പിങ് സർവ്വകലാശാല, ലണ്ടനിലെ ഇംപീരിയൽ കോളേജ്, ജർമ്മനിയിലെ മ്യൂണിച് സാങ്കേതിക സർവ്വകലാശാല, ബെൽജിയത്തിലെ ബ്രസ്സൽസ് സർവ്വകലാശാല എന്നിവയുമായി ഗവേഷണ സഹകരണം തുടരുകയും ചെയ്യുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ PM-USHA പദ്ധതിയുടെ ഭാഗമായി പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായി **Internationalization of Higher Education** ഘടകത്തിൽ 70 ലക്ഷം രൂപ വകയിരുത്തി Joint Master's Programmes, Dual Degree Master's Programmes, International Joint Master's/Integrated Programmes, Post Graduate Twinning Programmes, Joint M.Sc. Programmes എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, വിവിധ വിദേശ സർവ്വകലാശാലകളുമായി അക്കാദമിക-ഗവേഷണ സഹകരണത്തിനായി ധാരണാപത്രങ്ങൾ ഒപ്പുവെയ്ക്കുകയും അന്തർദേശീയ സഹകരണം വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്.

**(ഡി)** ദേശീയ-അന്തർദ്ദേശീയ തലത്തിൽ പ്രഗത്ഭരായ അക്കാഡമീഷ്യൻമാരുടെ ജ്ഞാനവും അനുഭവവും സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പ്രചോദനമാകുന്നതിന് ഉദ്ദേശിച്ചുകൊണ്ട് പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** സംസ്ഥാനത്തെ സർവ്വകലാശാലകളെ ദേശീയ-അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അക്കാദമിക, ഗവേഷണ, നവീകരണ, അന്തർദേശീയ സഹകരണ മേഖലകൾ ശക്തിപ്പെടുത്തുന്നതിനുമായി സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള സർവ്വകലാശാല വിവിധ വിദേശ സർവ്വകലാശാലകളുമായി അക്കാദമിക-ഗവേഷണ സഹകരണത്തിനായി ധാരണാപത്രങ്ങൾ (MoUs) ഒപ്പുവച്ചിട്ടുണ്ട്.

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ ദേശീയ-അന്തർദേശീയ തലങ്ങളിലെ അക്കാദമീഷ്യൻമാർ, ഗവേഷകർ, വ്യവസായ വിദഗ്ധർ എന്നിവരുടെ പങ്കാളിത്തത്തോടെ സെമിനാറുകൾ, ശിൽപശാലകൾ, പ്രത്യേക പ്രഭാഷണങ്ങൾ (Distinguished Lectures), ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, അന്തർദേശീയ സമ്മേളനങ്ങൾ, അക്കാദമിക സഹകരണ പരിപാടികൾ എന്നിവ സർവ്വകലാശാലയുടെയും അഫിലിയേറ്റഡ് സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്നു. കൂടാതെ, സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഡിജിറ്റൽ പഠന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് അക്കാദമിക് ജേണലുകളിലേക്കുള്ള സുഗമമായ പ്രവേശനം ഉറപ്പാക്കാൻ "നിംബസ്" എന്ന മൊബൈൽ അധിഷ്ഠിത പ്ലാറ്റ്ഫോം ലഭ്യമാക്കിയിട്ടുണ്ട്.

കാലിക്കറ്റ് സർവ്വകലാശാല ദേശീയ-അന്തർദേശീയ തലത്തിലെ പ്രമുഖ വിദ്യാഭ്യാസ വിദഗ്ധർ, ഗവേഷകർ, ശാസ്ത്രജ്ഞർ, വ്യവസായ വിദഗ്ധർ എന്നിവർ പങ്കെടുക്കുന്ന പ്രഭാഷണ പരമ്പരകൾ, സെമിനാറുകൾ, ശിൽപശാലകൾ, അന്തർദേശീയ സമ്മേളനങ്ങൾ, സംവാദ പരിപാടികൾ എന്നിവ വിവിധ പഠനവിഭാഗങ്ങളുടെയും ഗവേഷണ കേന്ദ്രങ്ങളുടെയും നേതൃത്വത്തിൽ പതിവായി സംഘടിപ്പിച്ചുവരുന്നു. വിദേശ സർവ്വകലാശാലകളുമായും ഗവേഷണ സ്ഥാപനങ്ങളുമായും സ്ഥാപിച്ചിട്ടുള്ള ധാരണാപത്രങ്ങളുടെ അടിസ്ഥാനത്തിൽ അധ്യാപക-വിദ്യാർത്ഥി വിനിമയ പരിപാടികൾ, സംയുക്ത ഗവേഷണ പദ്ധതികൾ, വിദഗ്ധ പ്രഭാഷണങ്ങൾ, ഹ്രസ്വകാല പരിശീലന

പരിപാടികൾ എന്നിവ നടപ്പിലാക്കി വിദ്യാർത്ഥികൾക്ക് ആഗോള നിലവാരത്തിലുള്ള പഠന-ഗവേഷണ അനുഭവങ്ങൾ ലഭ്യമാക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ PM-USHA പദ്ധതിയുടെ ഭാഗമായി Internationalization of Higher Education ഘടകത്തിന് വിവിധ കോഴ്സുകൾ ആരംഭിക്കുന്നതിനും സർവകലാശാലയിലെ സ്റ്റാറ്റ്യൂട്ടറി സ്കൂളുകളിലെ അധ്യാപകർക്കും ഗവേഷക വിദ്യാർത്ഥികൾക്കുമായി ഗവേഷണ മേഖലകളിലെ ആഗോള വികസനങ്ങളുമായി നിരന്തരം ബന്ധം പുലർത്തുന്നതിനായി അന്തർദേശീയ ശില്പശാലകൾ, സെമിനാറുകൾ, സമ്മേളനങ്ങൾ എന്നിവയിൽ പങ്കെടുക്കുന്നതിനും, വിദേശ സർവകലാശാല /സ്ഥാപനങ്ങളുമായി സഹകരണ പദ്ധതികളിൽ പങ്കെടുക്കുന്നതിന് 1.65 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ Brain Gain പദ്ധതിയിലൂടെ രാജ്യത്തിനകത്തും വിദേശത്തുമുള്ള മുന്നൂറിലധികം പ്രമുഖ ഗവേഷണ-ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ചുള്ള ഗവേഷണ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**